പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5497** **24.05.2017-ൽ മറുപടിയ്ക്ക്**

**മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചിയിലെ മറ്റ് യാത്രാ സംവിധാനങ്ങൾ മെട്രോ റെയിലുമായി ബന്ധിപ്പിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് ; | (എ) | കൊച്ചി നഗര മേഖലയിലെ വിവിധ ഗതാഗത മാർഗ്ഗങ്ങളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനുള്ള ഏകീകൃത മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ആണ് ഗതാഗത സംവിധാന ഏകോപന പ്രവർത്തനങ്ങൾ പരിശോധിച്ചു വരുന്നത്.<br><br>വിശാല കൊച്ചി, ഗോശ്രീ ദ്വീപ് പ്രദേശങ്ങളിലെ സ്വകാര്യ ബസ്സുകളെ ഏഴ് ബസ് ഓപ്പറേറ്റിംഗ് യൂണിറ്റുകളാക്കുന്നതിനും അവയെ ഏകീകരിച്ച് ഒരു കോഓർഡിനേഷൻ കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ബസ് ഓപ്പറേറ്റിംഗ് സംഘമാക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു. കൂടാതെ, വിശാലകൊച്ചി, ഗോശ്രീ ഐലന്റ് പ്രദേശത്തെ 15000-ത്തോളം വരുന്ന ഓട്ടോറിക്ഷകളെ പൊതുഗതാഗതത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | ജി.പി.എസ് ആസ്പദമാക്കിയുള്ള ബസ് ട്രാക്കിംഗ് സംവിധാനം, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ഉൾപ്പടെയുള്ള യാത്രാവിവര ആസൂത്രണ സഹായി തയ്യാറാക്കി വരുന്നു. വിവിധ ഗതാഗത മാർഗ്ഗങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഓപ്പറേഷൻ കൺട്രോൾ സെന്റർ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ തുടങ്ങിയിട്ടുണ്ട്. സ്മാർട്ട് കാർഡ് ഉപയോഗിച്ചുള്ള ഏകീകൃത ടിക്കറ്റിംഗ് സംവിധാനം ഒരുക്കുന്നതിനും മൊബിലിറ്റി ഹബ്ബുകൾ, ലോജിസ്റ്റിക് ഹബ്ബുകൾ എന്നിവയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിനുമുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ഇതിന്റെ ഭാഗമായുള്ള ഏകീകൃത മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ തയ്യാറായിട്ടുണ്ടോ; ഈ ബിൽ അഞ്ചാം സമ്മേളനക്കാലത്ത് നിയമ സഭയിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) | ഏകീകൃത മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ബിൽ നിയമ സഭയിൽ അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ